പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1854 05.10.2016-ൽ മറുപടിയ്ക്ക്

## ഹാംലെറ്റ് വികസന പദ്ധതി

ചോദ്യം
ശ്രീ.പി.കെ.ബഷീർ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | മുൻ സർക്കാർ സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാർക്കായി ഹാംലെറ്റ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) | ഉണ്ട്. തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2015-16 വർഷം 6 പട്ടികവർഗ്ഗ സങ്കേതങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതി യിൽപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണം, കക്കൂസ് - കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് നിർമ്മാണം, പാലത്തിന്റെ നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണി |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്; | | |

| | | | |
|---|---|---|---|
| | | | നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗ സംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ കുട്ടികൾക്ക് ഫർണീച്ചർ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| സി) | ഏറനാട് മണ്ഡലത്തിൽ ഏതൊക്കെ കോളനികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്; മണ്ഡലത്തിൽ പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ? | സി) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയിൽ 2013-14 വർഷം ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 20 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ